⇨ പലപല കാരണങ്ങൾകൊണ്ട് നിരന്തരമായ സമരങ്ങൾ ക്യാമ്പസിനകത്ത് നടന്നിട്ടുണ്ട്.⇨

**ഇന്ത്യയിലെ** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത് സമരങ്ങളുടെ കാലമാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, പോണ്ടിച്ചേരി കേന്ദ്രസർവകലാശാല, ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (ഇഫ്ളു), മൗലാന അബ്ദുൽകലാം ആസാദ് നാഷണൽ യൂണിവേഴ്സിറ്റി (മാനു), ഹൈദരാബാദ് കേന്ദ്രസർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളിൽ കഴിഞ്ഞ കുറച്ചുകാലങ്ങളായി പൊട്ടിപ്പുറപ്പെട്ട സമരങ്ങൾ ഒടുവിൽ ജവഹർലാൽ നെഹ്റു സർവകലാശാലയിൽ എത്തിച്ചേരുകയായിരുന്നു. സമരകാരണങ്ങൾ പലതാണെങ്കിലും അടിസ്ഥാനപരമായി അത് ഫാസിസ്റ്റ്-അധികാരപ്രയോഗങ്ങളോടുമുള്ള കലഹം തന്നെയാണ്. കൃത്രിമമായി നിർമ്മിച്ച അക്കാദമിക് രേഖകൾ വഴി സർവകലാശാലയുടെ തലപ്പത്ത് എത്തിയവരും കടുത്ത നിയന്ത്രണങ്ങളിലൂടെ വിദ്യാർത്ഥികളുടെ അവകാശങ്ങൾ നിഷേധിക്കുന്നവരും ദളിത് വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന ഭരണകൂടവുമെല്ലാം ഈ സമരങ്ങളിലൂടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. വിദ്യാർത്ഥികളോടൊപ്പം തന്നെ അ

# ഹൈദരാബാദ് യൂണിവേഴ്സിറ്റി: സമരങ്ങൾ അവസാനിക്കുന്നില്ല

രോഹിത് വെമുലയുടെ 'ആത്മഹത്യ'യുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സമരങ്ങളിലൂടെ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി എങ്ങനെ ഒരു രാഷ്ട്രീയക്യാമ്പസായി മാറിത്തീരുന്നു എന്നും ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളെ അത് എങ്ങനെ രാഷ്ട്രീയവത്കരിക്കുന്നു എന്നും വിശദമാക്കുന്നു ഗവേഷക വിദ്യാർത്ഥിയായ

**കെ. സന്ദീപ്**

ദ്ധ്യാപകരും ജീവനക്കാരും തൊഴിലാളികളും ഇത്തരം മുന്നേറ്റങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. അതായത്, പ്രശ്നങ്ങളെ വിദ്യാർത്ഥി സമൂഹത്തിന്റേത് മാത്രമായി കണക്കാക്കിക്കൊണ്ട് മാറ്റി നിർത്തേണ്ടതില്ലെന്ന തിരിച്ചറിവിലേക്ക് പലരും എത്തിക്കഴിഞ്ഞു.

നരവംശശാസ്ത്ര ഗവേഷക വിദ്യാർത്ഥിയെന്ന നിലയിൽ, കഴിഞ്ഞ എട്ടുമാസമായി ഹൈദരാബാദ് കേന്ദ്ര സർവകലാശാലയുടെ ഭാഗമായി ജീവിക്കുന്ന ഒരാളാണ് ഞാൻ. ഇക്കാലയളവിൽ പലപല കാരണങ്ങൾകൊണ്ട് നിരന്തരമായ സമരങ്ങൾ ക്യാമ്പസിനകത്ത് നടന്നിട്ടുണ്ട്. ഇപ്പോൾ, ഇതെഴുതുമ്പോൾ സർവകലാശാലയിലെ ദളിത് ഗവേഷക വിദ്യാർഥി രോഹിത് വെമുലയുടെ 'ആത്മഹത്യ'യും അതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സമരവും ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം സമരങ്ങളിലൂടെ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി എങ്ങനെ ഒരു രാഷ്ട്രീയക്യാമ്പസായി മാറിത്തീരുന്നു എന്നും ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളെ അത് എങ്ങനെ രാഷ്ട്രീയവത്കരിക്കുന്നു എന്നും വിശദമാക്കുകയാണിവിടെ. ഇന്

**എച്ച്.സി.യു എന്ന രാഷ്ട്രീയക്യാമ്പസ്**

ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥി പ്രാതിനിധ്യമുള്ള ക്യാമ്പസാണ് എച്ച്.സി.യു. അ

*⇨ വിദ്യാർത്ഥി സംഘടനകളുടെ ഇടപെടലുകൾ സർവകലാശാലയ്ക്ക് കളങ്കം സൃഷ്ടിക്കുമെന്നും അവർ പറഞ്ഞു ⇨*

തുകൊണ്ടുതന്നെ വിവിധ സാമൂഹിക-സാംസ്കാരിക സവിശേഷതകൾ ഇടകലരുന്ന ഇടം കൂടിയാണ്. പഠനത്തിലും, സഞ്ചാരത്തിലും, വസ്ത്രധാരണത്തിലും, ഭക്ഷണത്തിലും, ലിംഗത്തിലും, നിറത്തിലും, ഭാഷയിലും തുടങ്ങി സർവ്വതിലും എല്ലാതത്തരം വ്യതിരിക്തതകളും ക്യാമ്പസിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. അത്തരം വ്യത്യസ്തതളെ തിരിച്ചറിയുന്ന വിദ്യാർത്ഥി സമൂഹമാണ് ഇവിടെയുള്ളതും.

നോർത്ത്-സൗത്ത് എന്നത് ക്യാമ്പസിന്റെ രണ്ട് ഭാഗങ്ങളാണ്. ഡിപ്പാർട്ട്മെന്റുകളാലും ഹോസ്റ്റലുകളാലും സജീവമാണ് ഇവ രണ്ടും. വിദ്യാർത്ഥികളുടെ ഒത്തുചേരലുകൾ നടക്കുന്ന സ്ഥലമാണ് ഷോപ്പ്കോം (ഷോപ്പിങ് കോംപ്ലക്സ്). പ്രതിഷേധ പരിപാടികൾ,




സിനിമാ പ്രദർശനങ്ങൾ, നാടകാവതരണങ്ങൾ, സിമന്റ് ബെഞ്ചിലെ ചായ ചർച്ചകൾ തുടങ്ങിയവയുടെ വേദികൾ പലപ്പോഴും ഷോപ്പ്കോം ആയിരിക്കും. ഭക്ഷണത്തിനായി ചെല്ലു ഗോപ്സ്, വിവിധതരം ചായകൾ കിട്ടുന്ന കാന്റീനുകൾ, കാട്ടിനുള്ളിലെ മഷ്റൂം റോക്ക്, ബഫല്ലോ ലേക്ക്, പീക്കോക്ക് ലേക്ക് അങ്ങനെ പോകുന്നു ക്യാമ്പസിന്റെ മേഖലകൾ.

വളരെക്കാലം എ.ബി.വി.പിക്ക് ആധിപത്യമുണ്ടായിരുന്ന ക്യാമ്പസായിരുന്നെങ്കിലും ഇന്ന് അതിനെതിരെ ശക്തമായ മുന്നേറ്റങ്ങൾ ഇവിടെ ഉണ്ടാവുന്നുണ്ട്. ദളിത് രാഷ്ട്രീയത്തിനും ഇടതുരാഷ്ട്രീയത്തിനും വ്യക്തമായ നിലപാട് കണ്ടെത്താനും അവതരിപ്പിക്കാനും കഴിയുന്നുണ്ട്. ബി.എസ്.എഫ് (ബഹുജൻ സ്റ്റുഡൻസ് ഫെഡറേഷൻ), എ.എസ്.എ (അംബേദ്കർ സ്റ്റുഡൻസ് അസോസിയേഷൻ), ഡി.എസ്.യു (ദളിത് സ്റ്റുഡൻസ് യൂണിയൻ), ടി.എസ്.എഫ് (ട്രൈബൽ സ്റ്റുഡന്റ്സ് ഫോറം), ടി.വി.വി (തെലങ്കാന വിദ്യാർത്ഥി വേദിക), പെഹൽ, എസ്.എഫ്.ഐ, എൻ.എസ്.യു (ഐ), എസ്.ഐ.ഒ, ഒ.ബി.സി അസോസിയേഷൻ, എ.ബി.വി.പി തുടങ്ങിയ വിദ്യാർത്ഥി സംഘടനകളാണ് ക്യാമ്പസിൽ പ്രവർത്തിക്കുന്നത്. കൂടാതെ സംഘടനാ തലത്തിലല്ലാത്ത ഒറ്റയാൾ രാഷ്ട്രീയവും സജീവമാണ്. എസ്.എഫ്.ഐ- ടി.എസ്.എഫ്- ഡി.എസ്.യു- ടി.വി.വി സംഖ്യം നേതൃത്വം നൽകുന്ന വിദ്യാർത്ഥി യൂണിയനാണ് ഇപ്പോൾ ഭരണത്തിലുള്ളത്.

**'ബ്രാഹ്മിണിക്കൽ അഡ്മിൻ മൂർദ്ദാബാദ്'**

ക്യാമ്പസിൽ തുടക്കം മുതലേ കൂടുതലായി മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങളാണ് 'ബ്രാഹ്മിണിക്കൽ അഡ്മിൻ മൂർദ്ദാബാദ്', 'സംഘി അഡ്മിൻ മൂർദ്ദാബാദ്' എന്നിവ. ഹിന്ദുത്വ നിലപാടുകളുള്ള ഒരു കേന്ദ്രസർക്കാർ അധികാരത്തിൽ ഇരിക്കുമ്പോൾ, ബ്രാഹ്മിണിക്കൽ സ്വഭാവമുള്ള അഡ്മിനിസ്ട്രേഷൻ അധികാരം കയ്യാളുമ്പോൾ, സ്വാഭാവികമായും ഉയർന്നുവരുന്ന മുദ്രാവാക്യങ്ങളാണിവ.

പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ ഉണ്ടായ ചില സംഭവങ്ങൾ ഭരണകൂട അടിച്ചമർത്തലിന്റെ വലിയ സൂചനകളാണ് നൽകിയത്. ഇത്തവണത്തെ ഓറിയന്റേഷൻ പരിപാടിയിൽ ക്ലാസ് കൈകാര്യം ചെയ്യാൻ എത്തിയത് സൈബറാബാദ് പോലീസിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരാണ്. മുൻ വിദ്യാർത്ഥികൾ എന്നു പറഞ്ഞുകൊണ്ടാണ് അവർ വേദി കയ്യടക്കിടയത്. പ്രസംഗത്തിലുടനീളം ക്യാമ്പസിൽ പാലിക്കേണ്ട അച്ചടക്കത്തെപ്പറ്റിയും 'അക്കാദമിക്' ആവേണ്ടതിനെയും കുറിച്ചാണ് അവർ സംസാരിച്ചത്. ക്യാമ്പസിലുള്ള വിദ്യാർത്ഥി സംഘടനകളുടെ കൊടികൾ അസ്വസ്ഥത സൃഷ്ടിക്കുന്നുവെന്നും രാജ്യം ഉറ്റുനോക്കുന്ന, മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന എച്ച്.സി.യുവിൽ ഇത് അഭികാമ്യമല്ലെന്നുമാണ് അവർ പറഞ്ഞുവെച്ചത്. വിദ്യാർത്ഥി സംഘടനകളുടെ ഇടപെടലുകൾ സർവകലാശാലയ്ക്ക് കളങ്കം സൃഷ്ടിക്കുമെന്നും അവർ പറഞ്ഞു. രക്ഷിതാക്കൾക്ക് നിങ്ങളുടെ മേലുള്ള ആഗ്രഹങ്ങൾ നിറവേറ്റണമെന്നും അവർ കൂട്ടിച്ചേർത്തു.

പരിപാടിക്ക് മുമ്പ് പോലീസ് വിതരണം ചെയ്ത നോട്ടീസിൽ സോഷ്യൽ മീഡിയ വഴിയുള്ള പ്രതിഷേധങ്ങൾ ഒഴിവാക്കണമെന്ന്

നിർദ്ദേശിക്കുന്നുണ്ട്, മാത്രമല്ല ദേശവിരുദ്ധമായ പോസ്റ്റുകൾ ഇട്ടാൽ കടുത്ത ശിക്ഷയാണ് നിങ്ങളെ കാത്തിരിക്കുന്നതെന്നും ഭയപ്പെടുത്തുന്നു. സർവകലാശാലയ്ക്കകത്ത് എന്തോ അരുതാത്തത് നടക്കുന്നു എന്ന് വരുത്തിത്തീർക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ മേൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്താനുള്ള ശ്രമമാണ് അവർ നടത്തിയത്. സമീപ ഗ്രാമമായ ഗോപനപള്ളിയിലേക്കുള്ള യാത്രയ്ക്ക് ക്യാമ്പസിന്റെ വഴികൾ പോലീസ് തെരഞ്ഞെടുത്തതിനു പിന്നിലും ഇത്തരം ഉദ്ദേശങ്ങൾ തന്നെയാണുണ്ടായിരുന്നത്. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ സഞ്ചാരസ്വാതന്ത്ര്യത്തെയും ഇടപെടലുകളെയും അധികാരമുപയോഗിച്ച് അടിച്ചമർത്താനുള്ള നീക്കങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ക്യാമ്പസിനകത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന യു.ജി.സിയുടെ നിർദ്ദേശം നടപ്പിലാക്കാനും ശ്രമം നടന്നു. എന്നാൽ, സർവകാശാലയുടെ ഇത്തരം നീക്കങ്ങൾക്കെതിരെ എ.ബി.വി.പി ഒഴികെയുള്ള മറ്റെല്ലാ സംഘടനകളും ശക്തമായ പ്രതിഷേധ പരിപാടികളാണ് ക്യാമ്പസിൽ നടത്തിയത്. പിന്നീട് സ്റ്റുഡന്റ്സ് യൂണിയൻ നടത്തിയ യൂണിയൻ ജനറൽ ബോഡി മീറ്റിങ്ങിൽ (യു.ജി.ബി .എം) പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള തീരുമാനത്തിനതിരെ പ്രമേയം പാസാക്കുകയായിരുന്നു.

വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങുമായ ബന്ധപ്പെട്ട് കൊണ്ടുവന്ന ഡ്രസ്കോഡാണ് ഏറെ ചർച്ച ചെയ്യപ്പെട്ട മറ്റൊരുവിഷയം. രാജ്യത്തെ വിവിധ സാംസ്കാരിക ഭൂമികയിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ വസ്ത്ര വൈവിധ്യങ്ങളെ തടയുന്നതോടൊപ്പം തന്നെ, സവർണ്ണബോധത്തെ അടിച്ചേൽപ്പിക്കുക എന്ന ലക്ഷ്യം കൂടി ആ നിർദ്ദേശത്തിന് പിന്നിലുണ്ടായിരുന്നു. ആൺകുട്ടികൾ കുർത്ത–മുണ്ട് അല്ലെങ്കിൽ കുർത്ത–പൈജാമ, പെൺകുട്ടികൾ സാരി അല്ലെങ്കിൽ സൽവാർ കമ്മീസ് എന്നതാണ് ധരിക്കാൻ ആവശ്യപ്പെട്ട വേഷം. കഴുത്തിനു ചുറ്റും ഷാൾ പോലെ 'അംഗവസ്ത്രം' ധരിക്കണമെന്നും നിർദേശിക്കപ്പെട്ടു. അംഗവസ്ത്രം ഞങ്ങളെന്തിന് ധരിക്കണമൊണ് വിദ്യാർത്ഥികൾ ചോദിച്ചത്. വി.സിയെ തടയുന്നതടക്കമുള്ള പരിപാടികൾ ഇതിന്റെ ഭാഗമായി നടന്നു. താൽപര്യമുള്ളർക്ക് ധരിക്കാം എന്ന രീതിയിൽ നിർദ്ദേശത്തെ പിന്നീട് അധികൃതർ മയപ്പെടുത്തി.

രോഹിത് വെമുലയുടെ മരണത്തിന്റെ കാരണങ്ങൾ ഒട്ടും യാദൃശ്ചികമല്ല. ആത്മഹത്യ എന്നതിനേക്കാളും സ്ഥാപനവും അത്തരം സ്ഥാപനങ്ങളെ സൃഷ്ടിച്ചെടുക്കുന്ന വ്യവസ്ഥിതിയും ചെയ്ത കൊലപാതകമായിരുന്നു അതെന്ന് ഇന്ന് ഇന്ത്യയെമ്പാടും തിരിച്ചറിയപ്പെടുന്നുണ്ട്. രോഹിതിന്റെ മരണത്തിലേക്ക് നയിച്ച കാരണങ്ങൾ പരിശോധിച്ചാൽ അക്കാര്യം വ്യക്തമാവുന്നതാണ്.  മുസാഫർ നഗർ കലാപത്തിൽ ബി.ജെ.പിയുടെ പങ്ക് വെളിപ്പെടുത്തുന്ന നകുൽ സോഹ്നിയുടെ 'മുസാഫർ നഗർ ബാക്കി ഹെ' എന്ന ഡോക്യുമെന്ററി ഡൽഹി സർവകലാശാലയിൽ പ്രദർശിപ്പിച്ചതയായിരുന്നു പ്രശ്നങ്ങളുടെ തുടക്കം. പ്രദർശനം എ.ബി.വി.പി പ്രവർത്തകൾ തടഞ്ഞതിൽ പ്രതിഷേധിച്ച് ക്യാമ്പസിൽ എ.എസ്.എ പ്രതിഷേധം സംഘടിപ്പിക്കുകയും ഡോക്യുമെന്ററിയുടെ പ്രദർശനം നടത്തുകയും ചെയ്തു. യാക്കൂബ് മേമനെ തൂക്കിലേറ്റിയതിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചും ക്യാമ്പസിൽ പരിപാടികൾ നടന്നിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് സംഘാടകരെ കുറ്റവാളികളാക്കി ചിത്രീകരിച്ചുകൊണ്ടുള്ള പ്രചാരണം എ.ബി. വി.പിയും ബി.ജെ.പി പ്രാദേശിക നേതൃത്വവും നടത്തിയത്. എ.എസ്.എ പ്രവർത്തകർ എ.ബി.വി.പിക്കാരുമായി നടത്തിയ വാഗ്വാദങ്ങളെ ഏകപക്ഷീയമായ അക്രമങ്ങളാണെന്ന് വരുത്തിത്തീർത്ത് ദളിത് വിദ്യാർത്ഥികൾക്കെതിരെ എ.ബി.വി.പി നേതാവ് പോലീസിൽ പരാതി നൽകുകയായിരുന്നു. ക്യാമ്പസിനുള്ളിൽ നിന്നും പുറമെ നിന്നും ബി.ജെ.പി നേതാക്കൾ ചെലുത്തിയ സമ്മർദ്ദത്തിന്റെ ഫലമായാണ് പിന്നീട് ഈ അഞ്ച് ദളിത് വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നും പുറത്താക്കിക്കൊണ്ടുള്ള സാമൂഹ്യ ബഹിഷ്കരണ നടപടിക്ക് സർവകലാശാല അധികൃതർ മുതിർന്നത്. നടപടി പിൻവലിക്കണമെന്ന ആവശ്യവുമായി അഞ്ചുവിദ്യാർത്ഥികളും ഷോപ്പ്കോമിൽ നിർമ്മിച്ച വെളിവാടയിലേക്ക് താമസം മാറ്റുകയും ജോയിന്റ് ആക്ഷൻ കൗസിൽ രൂപീകരിച്ച് തുടർന്നുള്ള സമരപരിപാടികൾക്ക് തുടക്കമിട്ടു. അധികൃതരുടെ ഭാഗത്തു നിന്നും അനുകൂലമായ മറുപടികൾ കിട്ടാതിരുന്ന സാഹചര്യത്തിൽ സമരം അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്ന തരത്തിലേക്ക് നീങ്ങി. സമരം ചെയ്യുന്ന വിദ്യാർത്ഥികൾ ക്ലാസിൽ കയറണമെന്ന നിർദ്ദേശമല്ലാതെ സമരത്തെ മറ്റൊരു രീതിയിലും അഭിസംബോധന ചെയ്യാൻ ഭരണാധികൾ തയ്യാറായിരുന്നില്ല. അതിനിടയിലുള്ള ഒരു അവസ്ഥയിലാണ് ജന്മം തന്നെ തെറ്റായിരുന്നുവെന്ന് പ്രഖ്യാപിച്ച് രോഹിത് വെമുല ജീവിതത്തിൽ നിന്ന് നടന്നകന്നത്.

⇨ ഉയർത്തിക്കെട്ടിയ നക്ഷത്രത്തിൽ ചിലർ രോഹിത്തിനെ വരച്ചുവെച്ചു ⇨

**'രോഹിത് വെമുല അമർ രഹേ'**

രോഹിത്തിന്റെ മരണശേഷം സർവകലാശാല ക്യാമ്പസ് പൂർണ്ണമായും സമരഭൂമിയായിത്തീരുകയായിരുന്നു. രോഹിത്തിന് നീതി ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടാഴ്ചയോളം ക്യാമ്പസ് അടച്ചിട്ടു. ഇന്ത്യ ഒട്ടുക്കും പ്രക്ഷോഭങ്ങൾ ഇപ്പോഴും തുടരുകയാണ്. ക്യാമ്പസിന്റെ ഒഴിഞ്ഞ ചുവരുകൾ പ്രതിഷേധത്തിന്റെ വരകളിലും വരികളിലും നിറഞ്ഞുനിന്നു. 'വി.സി അപ്പാറാവു വാണ്ടഡ്', 'മിസ്സിങ്ങ് സുശീൽ കുമാർ', എന്നിങ്ങനെയെല്ലാം നീട്ടിക്കെട്ടിയ തുണിയിൽ അനവധി പേർ ചായങ്ങൾ തേച്ച് പ്രതിഷേധിച്ചു. ചിലർ രോഹിത്തിനെ പ്രതിമയിലൂടെ പുനരാവിഷ്കരിച്ചു. ഉയർത്തിക്കെട്ടിയ നക്ഷത്രത്തിൽ ചിലർ രോഹിത്തിനെ വരച്ചുവെച്ചു. 'ചലോ എച്ച്.സി.യു' എന്ന പേരിൽ വലിയ റാലികൾ നടന്നു. രോഹിത്തിന്റെ ജന്മദിനമായ ജനുവരി 30ന് അവന്റെ ഓർമ്മകൾക്ക് മുന്നിൽ വെളിച്ചം തെളിയിച്ചു. അതിനായി ഇന്ത്യയിലെ വിവിധ മേഖലകളിൽ നിന്നും അനേകർ ഇവിടേക്കെത്തി. അവരുടെ പ്രതിഷേധം പാട്ടിലൂടെയും ചുവടുവെപ്പുകളിലൂടെയും നാടകാവതരണങ്ങളിലൂടെയും പ്രകടമാക്കി. ഡൈനാമിക് ആക്ഷൻ പ്രവർത്തകർ, പ്രജാ നാട്യമഞ്ച്...അങ്ങനെ അങ്ങനെ ഒട്ടേറെ കലാ-സാംസ്കാരിക ഗ്രൂപ്പുകൾ പ്രതിരോധങ്ങൾക്ക് ഊർജ്ജം പകർന്നു.

ഫെബ്രുവരി 21, 22 തിയ്യതികളിൽ നടന്ന 'ചലോ ഡൽഹി' പരിപാടി സമരത്തിന്റെ മറ്റൊരു ഘട്ടമായിരുന്നു. ഹൈദരാബാദ് സർവകലാശാലയിൽ നിന്നും വിവിധ സംഘടനകളിൽ നിന്നായി 150ലധികം പേരാണ് ഡൽഹിയിലേക്ക് പുറപ്പെട്ടത്. രാത്രി 11 മണിക്ക് ഹൈദരാബാദ് റെയിവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ പ്രത്യേകം അനുവദിച്ച ബോഗിയിലായിരുന്നു യാത്ര. സമരക്കാർക്ക് ആവേശമേകാൻ നിരവധി ദളിത് സംഘടനാ പ്രവർത്തകർ ഓരോ സ്റ്റേഷനിലും കാത്തുനിന്നിരുന്നു. ചിലർ ഞങ്ങളുടെ കൂടെ യാത്ര ചെയ്യാനും താൽപര്യം കാണിച്ചു. ആർ.എസ്.എസിന്റെ ആസ്ഥാനമായ നാഗ്പൂരിൽ വെച്ച് നടന്ന സ്വീകരണത്തിൽ മോദിക്കും ആർ.എസ്.എസിനും എതിരെ മുഴങ്ങിയ മുദ്രാവാക്യങ്ങൾ ചലോ ഡൽഹി'ക്ക് ഉശിരേകി. സമരക്കാർക്ക് ട്രെയിനിൽ കഴിക്കാൻ മൂന്നുനേരത്തേക്കുള്ള ഭക്ഷണവും വിവിധ സംഘടനകൾ അതാത് സ്റ്റേഷനുകളിൽ എത്തിച്ചിരുന്നു.

ഫെബ്രുവരി 21, 22 തിയ്യതികളിൽ നടന്ന 'ചലോ ഡൽഹി' പരിപാടി സമരത്തിന്റെ മറ്റൊരു ഘട്ടമായിരുന്നു. ഹൈദരാബാദ് സർവകലാശാലയിൽ നിന്നും വിവിധ സംഘടനകളിൽ നിന്നായി 150ലധികം പേരാണ് ഡൽഹിയിലേക്ക് പുറപ്പെട്ടത്. രാത്രി 11 മണിക്ക് ഹൈദരാബാദ് റെയിവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ പ്രത്യേകം അനുവദിച്ച ബോഗിയിലായിരുന്നു യാത്ര. സമരക്കാർക്ക് ആവേശമേകാൻ നിരവധി ദളിത് സംഘടനാ പ്രവർത്തകർ ഓരോ സ്റ്റേഷനിലും കാത്തുനിന്നിരുന്നു.

ഫെബ്രുവരി 21ന് വിവിധ വിദ്യാർത്ഥി സംഘടനകളിൽ നിന്നും രണ്ടായിരത്തോളം പേരാണ് ഡൽഹി അംബേദ്കർ ഭവനിൽ ഒത്തുകൂടിയത്. അവിടെ നിന്നും ജന്തർ മന്ദിറിലേക്ക് അഞ്ച് കിലോമീറ്ററോളം നീളമുള്ള പ്രതിഷേധ റാലി അരങ്ങേറി. വിദ്യാഭ്യാസ മേഖലയിലെ ജാതി വിരുദ്ധമായ ഇടപെടലുകൾ അവസാനിപ്പിക്കാൻ വേണ്ടി രോഹിത് വെമുല ആക്ട് നടപ്പിലാക്കുക, ജസ്റ്റിസ് ഫോർ രോഹിത്ത് വെമുല, പണിഷ് ദി കൾപ്രിറ്റ്സ്, കാസ്റ്റൗട്ട് കാസ്റ്റ് എന്നിവയായിരുന്നു റാലിയിലെ പ്രധാന മുദ്രാവാക്യങ്ങൾ.

ഫെബ്രുവരി 22ന് ഇന്ത്യൻ ദേശീയതയുടെ പ്രതീകമായി നിൽക്കുന്ന ഇന്ത്യാ ഗേറ്റിൽ നടത്തിയ കാൻഡിൽ ലൈറ്റ് വിജിൽ പരിപാടി പോലീസ് അടിച്ചമർത്താൻ ശ്രമിച്ചു. മെഴുകുതിരി കത്തിക്കാൻ ശ്രമിച്ചവരെ ബലമായി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പരിപാടിക്ക് എത്തിയവർ ഇന്ത്യാഗേറ്റിനടുത്തേക്ക് എത്താതിരിക്കാൻ പ്രദേശത്തേക്ക് വൻ പോലീസ് സന്നാഹം തമ്പിടിച്ചിരുന്നു.

ഇന്ത്യഗേറ്റ് പരിസരത്ത് പ്രതിഷേധ പരിപാടികൾ പാടില്ലെന്ന് പറഞ്ഞാണ് സമരക്കാരെ പോലീസ് ബസിൽ കുത്തിനിറച്ച് കൊണ്ടു പോയത്. രോഹിത്തിന്റെ അമ്മയേയും ബലപ്രയോഗത്താൽ നീക്കം ചെയ്യുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. രണ്ട് പോലീസ് സ്റ്റേഷനുകളിലേക്കായി കൊണ്ടുപോയ സമരക്കാർ അവിടെയും മെഴുകിതിരി കത്തിച്ച് മുദ്രാവാക്യം വിളിച്ച് പ്രതിഷേധ പരിപാടികൾ തുടരുകയായിരുന്നു.

രോഹിത്തിനുള്ള നീതി ഇപ്പോഴും നടപ്പിലാക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ സമരങ്ങളും തുടർന്നു കൊണ്ടിരിക്കുന്നു. ■